(ബി) ഇക്കോ-ടൂറിസം രംഗത്ത് താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

പറമ്പിക്കുളത്ത് വിനോദസഞ്ചാരികളുടെ തമാസത്തിനായി ടെന്റ്ഡ്-നിഷ് പാക്കേജ്, ഹണികോമ്പ് പാക്കേജ്, വീട്ടിക്കുന്ന് ഐലന്റ്, ട്രീ ടോപ്പ് ഹട്ടുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ പകൽസമയം സന്ദർശകർക്കായി പറമ്പിക്കുളം വെഹിക്കിൾ സഫാരി ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പറമ്പിക്കുളം ധാരാകുടിവെള്ള പദ്ധതി, പേപ്പർ ബാഗ് യൂണിറ്റ്, പ്ലാസ്റ്റിക് റിഡക്ഷൻ യൂണിറ്റ്, ഇക്കോ ഷോപ്പുകൾ, വൈൽഡ് ലൈഫ് ഫോട്ടോഗാലറി, ട്രൈബൽ ഹെറിറ്റേജ് സെന്റർ, റഫറൻസ് ലൈബ്രറി, നേച്ചർ സ്റ്റഡി സെന്റർ, ഓറിയന്റേഷൻ സെന്റർ ഇന്റർപ്രിട്ടേഷൻ സെന്റർ ഓർഗാനിക് ഫാമിങ് എന്നിവ ഇക്കോടൂറിസം പദ്ധതികളുടെ ഭാഗമായി പറമ്പിക്കുളം കടുവാ സങ്കേതത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. നെല്ലിയാമ്പതി മേഖലയിൽ ഇക്കോ ടൂറിസം രംഗത്ത് പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

(സി) പറമ്പിക്കുളം വന്യജീവി ഡിവിഷന്റെ അധികാരപരിധിയിലുള്ള പൊള്ളാച്ചിയിലെ വൈൽഡ് ലൈഫ് ടൂറിസം ഇൻഫർമേഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പ്രസ്തുത പദ്ധതി കേരളത്തിലേക്കുള്ള വനംവകുപ്പിന്റെ കവാടമായി രൂപകല്പന ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

കണ്ടൽച്ചെടികൾ നശിപ്പിക്കപ്പെട്ടാലുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതം

188 (2218) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ 2010 വർഷം എവിടെയൊക്കെ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ചു ; എത്ര കണ്ടൽച്ചെടികൾ വച്ചുപിടിപ്പിച്ചു ;

(ബി) കണ്ടൽകാടുകൾ വെട്ടിനശിപ്പിച്ചതിന്റെ പേരിൽ കഴിഞ്ഞ വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ ;

(സി) കടലോരങ്ങൾ കേന്ദ്രീകരിച്ച് കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കാനുള്ള സംരംഭം ആരംഭിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇടക്കൊച്ചി ഭാഗത്ത് കണ്ടൽച്ചെടികൾ ഉള്ളതായി സ്ഥിരീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെയിനം കണ്ടലുകൾ ഇവിടെ കണ്ടുവരുന്നു ; ഇവയുടെ പ്രായം കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ക്രിക്കറ്റ് സ്റ്റേഡിയം വരുമ്പോൾ എത്ര ഹെക്ടർ കണ്ടൽ ചെടികൾ നശിപ്പിക്കപ്പെടുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; അങ്ങനെ കണ്ടൽച്ചെടികൾ നശിപ്പിക്കപ്പെട്ടാലുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതത്തെക്കുറിച്ച് പഠനം നടത്തുമോ ?

ഉത്തരം

(എ) കേരളത്തിൽ 2010 വർഷം ആലപ്പുഴ ജില്ലയിൽ 12000 കണ്ടൽച്ചെടികൾ വച്ചുപിടിപ്പിച്ചു. കണ്ണൂർ ജില്ലയിൽ മല്ലികമേട്-5000 എണ്ണം, ചന്ദ്രഗിരി-5000 എണ്ണം, കളനാട്-15000 എണ്ണം, വലിയപറമ്പ്-10000 എണ്ണം, കാട്ടാകുളം-5000 എണ്ണം കോട്ടയ്ക്കൽ 5000 എണ്ണം കണ്ടൽച്ചെടികൾ വച്ചുപിടിപ്പിച്ചു. (ആകെ 67000 എണ്ണം)

(ബി) കണ്ടൽക്കാടുകൾ വെട്ടിനശിപ്പിച്ചതിന്റെ പേരിൽ കഴിഞ്ഞ വർഷം രണ്ടു കേസുകൾ ബുക്ക് ചെയ്തിട്ടുണ്ട്. ഒ.ആർ.3/10 കോടനാട് റെയിഞ്ച്, മലയാറ്റൂർ ഡിവിഷൻ, ഒ.ആർ. 28/10 കോടനാട് റെയിഞ്ച്, മലയാറ്റൂർ ഡിവിഷൻ

(സി) അനുയോജ്യമായ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കടലോരങ്ങളിൽ കണ്ടൽക്കാടുകൾ ഇപ്പോൾത്തന്നെ വച്ചുപിടിപ്പിക്കുന്നുണ്ട്.

(ഡി) ഇടക്കൊച്ചി ഭാഗത്ത് പലയിടങ്ങളിലും കണ്ടൽച്ചെടികൾ വളരുന്നുണ്ട്. പ്രധാനമായും അവിസീനിയ, റൈസോ ഫോറ എന്നീ വിഭാഗങ്ങളിൽപ്പെട്ടവയാണ്. ഇവയുടെ പ്രായം കണക്കാക്കിയിട്ടില്ല.

(ഇ) ക്രിക്കറ്റ് സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള ക്രിക്കറ്റ് അസോസിയേഷനുവേണ്ടി വാങ്ങിയ 10 ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന കണ്ടലുകൾ ഇതിനകം നശിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. ടി സ്റ്റേഡിയം നിലവിൽ വന്നാൽ ഇതിനോടനുബന്ധമായ വികസനത്തിന്റെ ഭാഗമായി കൂടുതൽ കണ്ടൽ പ്രദേശങ്ങൾ നശിപ്പിക്കപ്പെടാൻ ഇടയാകും. കണ്ടൽച്ചെടികൾ നശിപ്പിക്കപ്പെട്ടാലുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതത്തെക്കുറിച്ച് പഠനത്തിന് വനം വകുപ്പിന് പദ്ധതിയില്ല.

LIBRARY ARCHIVES Kerala Legislative Assembly